(ബി) ഓരോ വർഷവും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	ചെലവഴിച്ച തുക	ശതമാനം
2011-12	1322.59	94
2012-13	1591.99	73
2013-14	1521.1	57
2014-15	1565.05	57
2015-16	104.08(31-5-2015 വരെയുള്ള താൽക്കാലിക കണക്ക്)	1

കേന്ദ്രപദ്ധതികൾ നടപ്പാക്കാൻ അനുവദിക്കുന്ന പണം തടഞ്ഞു വയ്ക്കൽ

55 (1423) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പദ്ധതികൾ നടപ്പാക്കാൻ അനുവദിക്കുന്ന പണം സംസ്ഥാന സർക്കാർ തടഞ്ഞുവയ്ക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതിക്കായി നൽകിയ ആദ്യ ഗഡു തടഞ്ഞുവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) കേന്ദ്ര ഗവൺമെന്റ് നൽകുന്ന പണം പദ്ധതികൾക്ക് നൽകാതെ തടഞ്ഞുവച്ചാൽ തുടർന്ന് സംസ്ഥാനത്തിന് കേന്ദ്രഫണ്ട് നൽകില്ലായെന്ന് അറിയിച്ചുകൊണ്ടുള്ള കത്ത് ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതിക്കായി നൽകിയ ആദ്യഗഡു തടഞ്ഞുവച്ചിട്ടില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly